# പരാഗണം

പല കാര്യങ്ങളും മറ്റൊന്നിന്റെ ഉല്പന്നമാണ്. പരാഗണമില്ലാതെ പുഷ്പിക്കുകയില്ല.

ഒരു നിബന്ധനയും അതിന്റെ ഫലവുമാണ് ഐശ്വര്യവും പരിശ്രമവും. പരിശ്രമശാലികളായിരുന്ന പൂർവപിതാക്കളുടെ പ്രതാപം അലസരായ പിൻഗാമികൾക്ക് പ്രതാപമേകില്ല. കാരണം, ഐശ്വര്യം പരിശ്രമത്തിന്റെ ഫലമാണ്. മല കയറാത്തവന് താഴ്വരയിൽ തന്നെ കഴിയേണ്ടി വരും എന്നു പറയുന്നത് അതുകൊണ്ടാണ്. അലസനും ദുർബലനും ആഗ്രഹിക്കുക മാത്രമാണ് ചെയ്യുക.

മുന്നോട്ട് പോകുന്നതിനു മുമ്പ് ഒരു കാര്യം പറയാം: ഐശ്വര്യത്തിന്റെ അടിസ്ഥാനം പണമോ സമ്പത്തോ അല്ല. അത് നാം ഉണ്ടാക്കിയെടുത്ത കാഴ്ചപ്പാടാകുന്നു. ഐശ്വര്യം മറ്റു ചില സംഗതികളെ ആശ്രയിച്ചിരിക്കുന്നു.

ഐശ്വര്യത്തിന്റെയും പ്രതാപത്തിന്റെയും അടിസ്ഥാനം ദൈവമാണ്. അവന്റെ ഔദാര്യത്തെ ആശ്രയിച്ചിരിക്കുന്നു അതിന്റെ ലഭ്യത. അതിന് ചില മാനദണ്ഡങ്ങളുണ്ട്. മുന്നോട്ട് പോകുമ്പോൾ അതെന്തെന്ന് വ്യക്തമാകും.

കർമവും സംസ്കാരവുമാണ് ജീവിതത്തിന്റെ ലാഭ-നഷ്ടങ്ങൾക്ക് നിദാനം. അവ രണ്ടും ശക്തമായി പ്രതിപാദിച്ചത് ഗീതയിലാണ്.

കർമം നിഷ്കളങ്കവും ആത്മാർഥവുമാകണം. കാപട്യവും കളങ്കവും അതിൽ അല്പം പോലും ഉണ്ടാകരുതെന്നത് അത് ദൈവികമാകാനുള്ള നിബന്ധനയുടെ ഭാഗം.

ഐശ്വര്യവും സൗഭാഗ്യവുമെന്ന സ്വപ്നം എല്ലാവരെയും സ്വാധീനിക്കാറുണ്ട്. എന്നാൽ ചിലർ കൈ നനയാതെ മീൻ പിടിക്കാൻ ആഗ്രഹിക്കുന്നവരാണ്. അതിനുള്ള മാർഗങ്ങളെപ്പറ്റിയാണ് അവർ ചിന്തിക്കുക. അത്തരക്കാരുടെ വീക്ഷണത്തിൽ യശസ്സ് പണമാണ്. ജീവിതത്തിൽ പരമാവധി സുഖമനുഭവിക്കുകയാണ് അവരുടെ ലക്ഷ്യം. കർമം കളങ്കമാക്കുകയും മറ്റുള്ളവരെ പ്രയാസപ്പെടുത്തുകയുമാണ് അവർ ചെയ്യുന്നത്. അത് പ്രതാപമല്ല, അപമാനമാണ്.

പല കാര്യങ്ങളും നമ്മുടെ മുമ്പിലുണ്ട്:

- ജീവിതത്തിൽ എന്തെല്ലാം ആഗ്രഹങ്ങളുണ്ടോ അവയെ ദൈവവുമായി ബന്ധിപ്പിക്കുക.
- സമാധാനത്തോടെ ജീവിക്കുന്നതാണ് ഐശ്വര്യം എന്ന് തിരിച്ചറിയുക. (അതിൽ ചിലപ്പോൾ ധനവും ഉണ്ടായേക്കാം, ഇല്ലാതെയുമിരിക്കാം.)
- ആഗ്രഹസഫലീകരണത്തിനുള്ള പരിശ്രമം ശക്തമാക്കുക, മാർഗം വിശുദ്ധമാക്കുക.
- കളങ്കവും കാപട്യവും വർജിക്കുക.
- കരഗതമാകാതെ പോകുന്ന കൊതികളെ സംബന്ധിച്ച് നിരാശരാകാതിരിക്കുക. ദൈവത്തിന്റെ ഇംഗിതം അതാണെന്ന് സമാധാനിക്കുകയും പരിശ്രമിക്കുകയും ചെയ്യുക.
- ജീവിതവിശുദ്ധി കൈക്കൊള്ളുക.
- കുടുംബ ബന്ധങ്ങൾ ശക്തമാക്കുക

എല്ലാവരുമായി സൗഹൃദത്തിൽ കഴിയുകയും കുടുംബബന്ധങ്ങൾ ശക്തമാക്കുകയും അവരുടെ സ്നേഹവും ആദരവും ആർജിക്കുകയും ചെയ്യുന്നതിനെക്കാൾ ഐശ്വര്യം മറ്റൊന്നുമില്ല. ജനത്തിന്റെ സ്നേഹവും ആദരവും നേടാനായാൽ പിന്നെ ധനവും ഭൗതിക സുഖങ്ങളും ഒന്നുമല്ല.

ജീവിതത്തോടുള്ള കാഴ്ചപ്പാടും വീക്ഷണവും വലിയ സംഗതിയാകുന്നു. ചിലർക്കത് കളി-തമാശകൾക്കുള്ള വേദിയാകാം. ചിലർക്ക് ധർമമാകാം. ചിലർ ജനിച്ചതിനാൽ പ്രത്യേകിച്ച് കാഴ്ചപ്പാടൊന്നുമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതാകാം. ഇനിയും ചിലർക്ക് സമ്പാദിക്കാനുള്ള അവസരമാകാം. ഈ കാഴ്ചപ്പാടുകളൊക്കെ അവരുടെ ജീവിതധർമത്തിലും സ്വാധീനിക്കും.

സമ്പന്നന്റെ വിഭവങ്ങളും ധീരന്റെ ധീരതയും മറ്റുള്ളവരുടെ കഴിവുമൊക്കെ ഐശ്വര്യപൂർണമാകണമാകുന്നത് അത് മറ്റുള്ളവരുടെ ആവശ്യപൂർത്തീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അക്കാര്യത്തിലുള്ള ലുബ്ധ് ആശാവഹമല്ല.